കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - പഞ്ചായത്തുകളിൽ പുതുതായി നിയമിക്കപ്പെട്ട ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഒരു പൂർണ്ണസമയ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല എങ്കിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഒരു പുതിയ കമ്പ്യൂട്ടർ വാങ്ങുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.134/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 19/01/2013

---

പരാമർശം:-
1. 03/02/2012 ലെ സ.ഉ.(സാധാ) നമ്പർ 346/2012/തസ്വഭവ
2. 04/10/2012 ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 12-ാം യോഗത്തിന്റെ നടപടി കുറിപ്പ്
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മിഷൻ ഡയറക്ടറുടെ 15/12/2012 ലെ 3493/EGS 2/12/CRD നമ്പർ കത്ത്

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം അറുപത് ലക്ഷത്തിൽ കൂടുതൽ പ്രതിവർഷം തുക ചെലവഴിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഒരു എഞ്ചിനീയർ/ഓവർസിയറേയും, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററേയും അധികമായി നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം പുതുതായി ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഒരു പൂർണ്ണസമയ കമ്പ്യൂട്ടർ ലഭ്യമാക്കുവാൻ സാധിക്കുന്നില്ലായെന്ന് ബോധ്യപ്പെടുകയാണെങ്കിൽ പുതിയ കമ്പ്യൂട്ടർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി വാങ്ങാവുന്നതും അത് വാങ്ങുന്ന വേളയിൽ ആയതിന്റെ ചെലവ് അടക്കം ഭരണ ചെലവ് 4% അധികരിക്കുന്നില്ല എന്നുള്ളത് ഉറപ്പാക്കികൊണ്ട് മാത്രമേ കമ്പ്യൂട്ടർ വാങ്ങേണ്ടതുള്ളു എന്നുള്ള നിബന്ധനയോടുകൂടി ഇക്കാര്യത്തിൽ സർക്കാർ

ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (2) ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ തീരുമാന പ്രകാരം പരാമർശം (3) ൽ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഒരു പൂർണ്ണ സമയ കമ്പ്യൂട്ടർ ലഭ്യമാക്കുവാൻ സാധിക്കുന്നില്ലായെന്ന് ബോധ്യപ്പെടുകയാണെങ്കിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഒരു പുതിയ കമ്പ്യൂട്ടർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായും ആയതിന്റെ ചെലവ് അടക്കം ഭരണ ചെലവ് 4% അധികരിക്കുന്നില്ല എന്നുറപ്പാക്കികൊണ്ടും സ്റ്റോർ പർച്ചേയ്സ് നിബന്ധനകൾക്കനുസരിച്ചു വാങ്ങുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
**ജി.ശിവപ്രസാദ്**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.
5. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. ഡയറക്ടർ, ഐ.കെ.എം.
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
9. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.